**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 09.05.2024

# "ഓപ്പറേഷൻ കൺവെർഷൻ"- ഭൂമി തരം മാറ്റത്തിൽ സ്വകാര്യ ഏജൻസികളുടെ കടന്നുകയറ്റവും ക്രമക്കേടുകളും കണ്ടെത്തി

സംസ്ഥാനത്ത് ഭൂമി തരംമാറ്റത്തിൽ സ്വകാര്യ ഏജൻസികളുടെ ഇടപെടലുകളും ക്രമക്കേടുമെന്ന് വിജിലൻസ് മിന്നൽ പരിശോധനയിൽ വെളിവായി.ഒരു ഏജൻസിയുടെ മൊബൈൽ നമ്പരിൽ നിന്നുമാത്രം 700 അപേക്ഷകൾ ഭൂമി തരം മാറ്റുന്നതിനായി റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ ലഭിച്ചതായി കണ്ടെത്തി.

സംസ്ഥാനത്ത് ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ടതും 2008-ലെ തണ്ണീർത്തട നെൽവയൽ സംരക്ഷണ നിയമപ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതുമായ ഭൂമി ഡേറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കി ഇനം മാറ്റി നൽകുന്നതിന് ചില സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും സംസ്ഥാന വ്യാപകമായി പരസ്യം ചെയ്ത് ,ചില റവന്യൂ ഉദ്യോഗസ്ഥരെയും കൃഷി വകുപ്പ് ഉദ്യോഗസ്ഥരെയും സ്വാധീനിച്ച് അവരുടെ സഹായത്തോടെ ക്രമക്കേട് നടത്തി വരുന്നതായി രഹസ്യ വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഇന്നലെ 09.05.2024 രാവിലെ 11.00 മണി മുതൽ സംസ്ഥാനത്തെ വ്യാപകമായി എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസുകളിലും വിജിലൻസ് മിന്നൽ പരിശോധന നടത്തിയത്. തുടർ ദിവസങ്ങളിൽ സ്ഥല പരിശോധനയും വിജിലൻസ് നടത്തും.

ചില സ്വകാര്യ വ്യക്തികളും ഏജൻസികളും ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ട വസ്തുവിന്റെ ഉടമകളെ കണ്ടെത്തി അവരുമായി ധാരണയിലേർപ്പെട്ട ശേഷം ആർ.ഡി.ഒ ഓഫീസുകളിൽ വസ്തു തരംമാറ്റത്തിന് അപേക്ഷ സമർപ്പിക്കുന്നതായും ഇത്തരം അപേക്ഷകളിൽ ഉദ്യോഗസ്ഥരുടെ സഹായത്തോടെ ക്രമക്കേടുകൾ നടക്കുന്നതായി രഹസ്യ വിവരം ലഭിച്ചിരുന്നു. ഇത്തരം ഏജൻസികൾ 10 മുതൽ 50 സെന്റ് വരെ ഭൂമി തരം മാറ്റുന്നതിന് അപേക്ഷകരിൽ നിന്നും 3 ലക്ഷം രൂപ വരെ ഫീസായി ഈടാക്കുന്നുണ്ട്.

റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ എത്തുന്ന അപേക്ഷകൾ ബന്ധപ്പെട്ട കൃഷി ഓഫീസിലെത്തുമ്പോൾ കൃഷി വകുപ്പ് ഉദ്യോഗസ്ഥരേയും ലോക്കൽ ലെവൽ മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങളേയും ഇത്തരം സ്വകാര്യ വ്യക്തികളും സ്വകാര്യ ഏജൻസികളും സ്വാധീനിച്ച് അർഹത ഇല്ലാത്തതും നിയമ വിരുദ്ധമായും ഭൂമി തരം മാറ്റം ചില സ്ഥലങ്ങളിൽ തരപ്പെടുത്തുന്നു.

50 സെന്റിൽ കൂടുതൽ വിസ്തീർണ്ണമുള്ള വസ്തു തരം മാറ്റുമ്പോൾ 10% ജല സംഭരണത്തിനായി മാറ്റി വയ്ക്കേണ്ടതുണ്ടെങ്കിലും ഇത് പാലിക്കപ്പെടുന്നില്ല. 2017-ന് ശേഷവും രജിസ്റ്റർ ചെയ്ത ഭൂമിയും നിയമവിരുദ്ധമായി തരംമാറ്റത്തിന് പരിഗണിക്കുന്നു. ഭൂമി തരം മാറ്റം കാരണം ജലനിർഗ്ഗമനമാർഗ്ഗം തടസ്സപ്പെടുന്നുണ്ടോയെന്നും സമീപത്തെ ജലസ്രോതസിലേയ്ക്കുള്ള ഒഴുക്ക് തടസ്സപ്പെടുന്നുണ്ടോയെന്നുമുള്ള കാര്യങ്ങൾ പലയിടത്തും ലോക്കൽ ലവൽ മോണിറ്ററിംഗ് കമ്മിറ്റി പരിഗണിക്കുന്നതായി കണ്ടില്ല.

ഇന്നലെ (08.05.2024) നടത്തിയ മിന്നൽ പരിശോധനയിൽ തിരുവന്തപുരം, നെടുമങ്ങാട്, കൊല്ലം, പുനലൂർ, ആലപ്പുഴ, ചെങ്ങന്നൂർ, കോട്ടയം, പാല, ഫോർട്ട് കൊച്ചി, മൂവാറ്റുപുഴ, പാലക്കാട്, ഒറ്റപ്പാലം, കാഞ്ഞങ്ങാട്, വടകര, മലപ്പുറം , പെരിന്തൽ മണ്ണ എന്നീ റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ 50 സെന്റിൽ കൂടുതൽ വിസ്തീർണ്ണമുള്ള ഭൂമിയുടെ 10% ജല സംഭരണത്തിനായി മാറ്റി വയ്ക്കണമെന്ന ചട്ടം വ്യാപകമായി അട്ടിമറിച്ചതായി കണ്ടെത്തി.

സംസ്ഥാനത്ത് മിക്ക സ്ഥലങ്ങളിലും സ്വകാര്യ ഏജൻസികളും റവന്യൂ വകുപ്പിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥരും ഭൂമി തരം മാറ്റത്തിന് ഏജന്റുമാരായി പ്രവർത്തിക്കുന്നതായും വിജിലൻസ് കണ്ടെത്തി. ഇത്തരത്തിലുള്ള ഒരു ഏജൻസിയുടെ ഒരു മൊബൈൽ നമ്പരിൽ നിന്നു മാത്രം സംസ്ഥാനത്തെ വിവിധ റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ ഭൂമി തരം മാറ്റത്തിന് 700 അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായും കണ്ടെത്തി. ഇത് കൂടാതെ പാലക്കാട് 166, തൃശ്ശൂർ 154, ചെങ്ങന്നൂർ 93, നെടുമങ്ങാട് 86, മൂവാറ്റുപുഴ 66, പുനലൂർ 44, ഫോർട്ട് കൊച്ചി 21, പെരിന്തൽമണ്ണ 19, കോട്ടയം 14,ഒറ്റപ്പാലം 13, അപേക്ഷയും തിരുവനന്തപുരം, ആലപ്പുഴ എന്നീ റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ 7 വീതം അപേക്ഷകളും കൊല്ലം , ഇരിങ്ങാലക്കുട എന്നീ റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ 6 വീതം അപേക്ഷകളും പാല റവന്യൂ ഡിവിഷണൽ ഓഫീസിൽ 5 അപേക്ഷകളും, കാഞ്ഞങ്ങാട്, മാനനന്തവാടി എന്നീ റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ 3 വീതം അപേക്ഷകളും ഒരേ മൊബൈൽ നമ്പർ രേഖപ്പെടുത്തി വിവിധ ഏജൻസികൾ റവന്യൂ ഡിവിഷണൽ ഓഫീസുകളിലേയ്ക്ക് തരം മാറ്റത്തിനായി അയച്ചു നൽകിയിട്ടുള്ളതായും വിജിലൻസ് കണ്ടെത്തി.

ഇടുക്കി, പാലക്കാട് എന്നീ റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ നടത്തിയ മിന്നൽ പരിശോധനയിൽ 2017-ന് ശേഷം ആധാരം ചെയ്ത വസ്തുക്കളും തരം മാറ്റി നൽകിയിട്ടുള്ളതായി മനസ്സിലാക്കി. ഇടുക്കി റവന്യൂ ഡിവിഷണൽ ഓഫീസിൽ ഒരു അപേക്ഷകന്റെ 2 ഏക്കറോളം ഭൂമി തുച്ഛമായ തുക ഈടാക്കി തരം മാറ്റി നൽകാൻ പാടില്ലായെന്ന ലോക്കൽ ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശ മറി കടന്ന് കോട്ടയം, പെരിന്തൽ മണ്ണ എന്നീ റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ വസ്തു തരം മാറ്റി നൽകിയിട്ടുള്ളതായും വിജിലൻസ് കണ്ടെത്തി.

കൂടാതെ മാനന്തവാടി റവന്യൂ ഡിവിഷണൽ ഓഫീസിൽ യഥാർത്ഥ വസ്തു ഉടമയുടെ അറിവില്ലാതെ ടിയാളുടെ പേരിൽ ആരോ ഡേറ്റാ ബാങ്കിൽ നിന്ന് ഒഴിവാക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതായും സംസ്ഥാനത്തെ പല റവന്യൂ ഡിവിഷണൽ ഓഫീസുകളിലും സ്ഥല പരിശോധന ആവശ്യമാണെന്ന് കാണിച്ച് മാസങ്ങളായി അപേക്ഷകൾ മാറ്റി വച്ചിട്ടുള്ളതായും വിജിലൻസ് കണ്ടെത്തി.

ഒരേ മൊബൈൽ നമ്പരിൽ നിന്നും ഭൂമി  തരം മാറ്റത്തിന് അപേക്ഷ സമർപ്പിച്ച് നടപടി ക്രമം  പൂർത്തിയാക്കിയ  അപേക്ഷകളിന്മേൽ  നിയമപ്രകാരമാണോ തരം മാറ്റം നൽകിയതെന്ന് കണ്ടെത്തുന്നതിനായി വരും ദിവസങ്ങളിൽ കൂടുതൽ പരിശോധന നടത്തുന്നതാണെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. ടി.കെ. വിനോദ് കുമാർ.ഐ.പി.എസ്- അറിയിച്ചു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറ്കടർ ശ്രീ. ടി.കെ. വിനോദ് കുമാർ. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു